# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 78** **04.06.2018-ൽ മറുപടിക്ക്**

## വിവരസാങ്കേതിക സഹായം

ചോദ്യം | മറുപടി

ശ്രീ. എം. നൗഷാദ് | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കെ ജനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് വിവരസാങ്കേതിക സഹായം ലഭ്യമാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ; | എ) | വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കെ ജനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് വിവരസാങ്കേതിക സഹായം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓൺലൈൻ സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുന്നവർക്ക് പരാതിക്ക് ഇടനൽകാത്ത വിധം തത്സമയം തന്നെ സേവനം ലഭ്യമാക്കാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോ എന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെന്റർ സന്ദർശന വേളയിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പിരിശീലനവും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ജനങ്ങളുടെ ആവശ്യമറിഞ്ഞ് വിവര സാങ്കേതിക സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ലളിതമായ രീതിയിൽ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനായി "സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ" പോർട്ടലും മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ സിറ്റിസൺ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ കോൾ സെന്റർ സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾസെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ജനസംഖ്യാനുപാതികമായി കൂടുതൽ അക്ഷയ സെന്ററുകൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ബി) | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുൾപ്പെടെ അക്ഷയ സംരംഭക എഗ്രിമെന്റുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ സംബന്ധിച്ച് ഒരു സമഗ്രമായ പ്രൊപ്പോസൽ അക്ഷയ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ